നമ്പർ: G4-9406/18

**വിവരാവകാശം / മറുപടി**
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 2.8.2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീമതി. ആർ.ബെൻസി ഗ്ലോറി
TC No.12/465(i), പ്ലാമൂട്,
പട്ടം പി.ഒ, തിരുവനന്തപുരം- 695 004.

മാഡം,

വിഷയം: സാ.നീ. വകുപ്പ് - വിവരാവകാശം നിയമം 2005 - താങ്കൾ സമർപ്പിച്ച അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന: താങ്കളുടെ 10.7.18ലെ വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേലുള്ള മറുപടി ചുവടെ ചേർക്കുന്നു.

**ചോദ്യം I - 1 മുതൽ 5 വരെ**

വയോമിത്രം പദ്ധതി നടപ്പാക്കുന്നത് കേരള സാമൂഹ്യസുരക്ഷാ മിഷൻ ആണ്. ആയതിനാൽ വയോമിത്രം പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ, കേരളാ സാമൂഹ്യസുരക്ഷാമിഷൻ, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ അപേക്ഷ നൽകി താങ്കൾക്ക് ശേഖരിയ്ക്കാവുന്നതാണ്.

**ചോദ്യം നം. II**

1. സംസ്ഥാനത്ത് 14 ജില്ലകളിലായി 70 കേന്ദ്രങ്ങളിൽ സായംപ്രഭാ ഹോമുകൾ ആരംഭിയ്ക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. ആയവ എവിടെയൊക്കെ സ്ഥിതിചെയ്യുന്നു എന്നത് സംബന്ധിച്ച ലിസ്റ്റ് ആവശ്യമുള്ളപക്ഷം 5 പേജുള്ള ലിസ്റ്റിന് പേജൊന്നിന് രണ്ട് രൂപാ നിരക്കിൽ 10/- രൂപാ ട്രഷറിയിൽ ഒടുക്കിയതിന്റെ ചലാൻ പകർപ്പ് ഹാജരാക്കേണ്ടതാണ്.
2. സായംപ്രഭാ പദ്ധതിയിൽ വകുപ്പ് ഫണ്ട് നൽകി നടത്തുന്ന ക്ലാസ്സുകൾ യോഗ, മെഡിറ്റേഷൻ ക്ലാസ്സുകളാണ്. പ്രസ്തുത ക്ലാസ്സുകളുടെ സമയക്രമം നിശ്ചയിയ്ക്കുന്നത് അതാത് സായംപ്രഭാ ഹോമിന്റെ ചുമതല വഹിക്കുന്നവരാണ്. ആയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ആഫീസർമാർ മുഖേന താങ്കൾക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

*db@18*

III.

1. ഉറ്റവരാൽ ഉപേക്ഷിക്കപ്പെടുന്ന മുതിർന്ന പൗരൻമാർക്ക് സംരക്ഷണ മേകുന്നതിനായി സംസ്ഥാന സർക്കാരിനു കീഴിൽ എല്ലാ ജില്ലകളിലുമായി 16 വൃദ്ധസദനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. സ്ഥാപനത്തിൽ പ്രവേശനം നൽകുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. വരുമാനമുള്ളവർ സർക്കാർ ഒരു വ്യക്തിയ്ക്ക് നൽകുന്ന Maintenance grant സ്ഥാപനത്തിൽ അടയ്ക്കണം.
2. തിരുവനന്തപുരം ജില്ലയിൽ പുലയനാർ കോട്ടയിലും പൂജപ്പുരയിലും സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിന് ~~ജില്ലാ~~ തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസറെ സമീപിയ്ക്കാവുന്നതാണ്.
3. ഫീസ് കൊടുത്തുകൊണ്ട് താമസിയ്ക്കാൻ ആഗ്രഹിയ്ക്കുന്ന വൃദ്ധജനങ്ങൾക്കായി പെയ്ഡ് വൃദ്ധസദനങ്ങൾ ആരംഭിയ്ക്കുക എന്ന ആശയം വകുപ്പിന്റെ സജീവ പരിഗണനയിലാണ്.
4. പെയ്ഡ് വൃദ്ധസദനം ആരംഭിയ്ക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നതിനാൽ എപ്പോൾ തുടങ്ങും എന്ന് പറയാനാവില്ല.
5. നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ എന്നതിനാൽ ചോദ്യം ബാധകമല്ല.
6. സ്ത്രീകൾക്ക് പ്രത്യേകമായി ഫീസുകൊടുത്തുകൊണ്ട് താമസിയ്ക്കുന്ന വൃദ്ധസദനങ്ങൾ സ്ഥാപിയ്ക്കുന്നത് പരിഗണനയിലില്ല.

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ ഒന്നാം അപ്പീൽ അധികാരിയ്ക്ക് പരാതി നൽകാവുന്നതാണ്. വിലാസം ചുവടെ ചേർക്കുന്നു.

ശ്രീ. കെ.കെ.സുരേന്ദ്രകുമാർ
അഡീഷണൽ ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
അഞ്ചാം നില, വികാസ്ഭവൻ,
തിരുവനന്തപുരം- 695033.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
& അസിസ്റ്റന്റ് ഡയറക്ടർ

SUBHASH KUMAR. K.V
Assistant Director
Directorate of Social Justice
Thiruvananthapuram-33

db@18

**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: G4-9406/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 2.8.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം: സാ.നീ. വകുപ്പ് - വിവരാവകാശം - ശ്രീമതി. ആർ.ബൻസി ഗ്ലോറി - മറുപടി നൽകുവാൻ ആവശ്യപ്പെടുന്നത് സംബന്ധിച്ച് -

സൂചന: ശ്രീമതി. ആർ.ബെൻസി ഗ്ലോറിയുടെ 10.7.2018ലെ വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സൂചന പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത അപേക്ഷയിലെ ചോദ്യം നം. II-നുള്ള മറുപടി അപേക്ഷകയ്ക്ക് എത്രയും വേഗം നൽകാൻ നിർദ്ദേശിയ്ക്കുന്നു.

വിശ്വാസപൂർവ്വം

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ഡയറക്ടർ

ഉള്ളടക്കം:-

1. സൂചന അപേക്ഷ പകർപ്പ്.

*db@18*